LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണം

152 (5504) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ പുനഃക്രമീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ ആരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വിജ്ഞാപന പ്രകാരം ബ്ലോക്കുകളുടെ പുനഃക്രമീകരണം നടത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) നിലവിലുള്ള കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ചെമ്മനാട് ഗ്രാമപഞ്ചായത്തിനെ വിജ്ഞാപന പ്രകാരമുള്ള കാഞ്ഞങ്ങാട് ബ്ലോക്കിലേക്കും നിലവിലുള്ള കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അജാനൂർ പഞ്ചായത്തിനെ വിജ്ഞാപന പ്രകാരമുള്ള പരപ്പ ബ്ലോക്കിലേക്കും മാറ്റുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളുടെ ഘടനയും ബ്ലോക്ക് പഞ്ചായത്തുകളുടെ ഘടനയും തമ്മിൽ പൊരുത്തമില്ലാത്തതിനാലും ചില നിയോജകമണ്ഡലങ്ങളിൽ നാലും അതിലേറെയും ബ്ലോക്കുകൾ ഉൾപ്പെട്ടുകിടക്കുന്നതിനാലും നിയോജകമണ്ഡലവും ബ്ലോക്കും തമ്മിൽ ഏകദേശക്രമീകരണം ആവശ്യമായതിനാലും ബ്ലോക്കുകളെ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാ നത്തിൽ പുനഃക്രമീകരിക്കുന്നതിന് ആവശ്യമായ ശിപാർശ നൽകാൻ ഗ്രാമവികസന കമ്മീഷണർ കൺവീനറായ ഒരു ഉപസമിതിയെ സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി.

(ബി) ഉണ്ട്. 29-6-2015-ലെ 35526/ഇ.എം.3/2014/തസ്വഭവ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടന സംബന്ധിച്ച് ആക്ഷേപങ്ങൾ/ നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി&ഡി) നിയോജകമണ്ഡലങ്ങളെ കഴിയുന്നിടത്തോളം ഒരു ബ്ലോക്കിലോ അതിന് സാധിക്കുന്നില്ലെങ്കിൽ രണ്ടു ബ്ലോക്കുകളിലായോ പുനഃക്രമീകരിക്കുക എന്ന മാനദണ്ഡം സ്വീകരിച്ചാണ് കാസർഗോഡ് ജില്ലയിൽ ബ്ലോക്കുകളുടെ പുനഃക്രമീകരണം നടത്തിയിട്ടുള്ളത്. കാസർഗോഡ് ബ്ലോക്കിലെ ചെമ്മനാട് ഗ്രാമപഞ്ചായത്ത് ഉദുമ നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്നതിനാലാണ് നിർദ്ദിഷ്ട കാഞ്ഞങ്ങാട് ബ്ലോക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.